ഉത്തരം

(എ) പുതിയ പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. വാണിയംകുളം പഞ്ചായത്തിൽ ഇപ്പോൾ കോതയൂർ, ചെറുകാട്ട്പുലം, ചെള്ളിയാട് എന്നീ ശുദ്ധജല വിതരണ പദ്ധതികൾ നിലവിലുണ്ട്.

(ബി, സി & ഡി) ഉദിക്കുന്നില്ല.

ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ

88 (2000) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിക്ക് എത്ര ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ എവിടെയാണെന്നും എല്ലായിടത്തും ടെലിഫോൺ സൗകര്യങ്ങൾ ഉണ്ടോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 23 എണ്ണം.

(ബി) ഉത്തരമേഖലയിൽ വിദ്യനഗർ, കണ്ണൂർ, കോഴിക്കോട്, പൊന്നാനി, മുത്താന്തര, ചാലക്കുടി, ഗുരുവായൂർ എന്നീ സ്ഥലങ്ങളിൽ 7 എണ്ണം ഉണ്ട്. ഇതിൽ പൊന്നാനി ഒഴികെ മറ്റെല്ലായിടത്തും ടെലഫോൺ സൗകര്യങ്ങൾ ഉണ്ട്. മദ്ധ്യമേഖലയിൽ എറണാകുളത്തും, പുത്തൻകുരിശിൽ ചുണ്ടിയിലും രണ്ടെണ്ണമുണ്ട്. രണ്ടിടത്തും ടെലഫോൺ സൗകര്യമുണ്ട്. ദക്ഷിണ മേഖലയിൽ അരുവിക്കര, പേപ്പാറ, കൊല്ലം ശാസ്താംകോട്ട, ശബരിമലയിൽ പമ്പയിലും, സന്നിധാനത്തിലും, കോട്ടയം, വൈക്കം, ചങ്ങനാശ്ശേരി, തിരുവല്ല (രണ്ടെണ്ണം), ആലുപ്പുഴ പിറവം, തേക്കടി എന്നീ 14 സ്ഥലങ്ങളിൽ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഉണ്ട്. ഇവയിൽ ശാസ്താംകോട്ടയിലും, തേക്കടിയിലും ടെലഫോൺ സൗകര്യമില്ല. ബാക്കി എല്ലായിടത്തും ടെലഫോൺ സൗകര്യം ഉണ്ട്.

ബ്ലാംതോട്-ബന്തടുക്ക-ഡാം-കം-ബ്രിഡ്ജ്

89 (2001) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പനത്തടി പഞ്ചായത്തിൽ പാണത്തൂർ പുഴയിൽ ബ്ലാംതോട്-ബന്തുടക്ക-ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പാലത്തോടുകൂടിയ ഈ ചെക്ക് ഡാം പണി ഏറ്റെടുത്തു നടത്തുന്നതിന് നിലവിലുള്ള നിയമപ്രകാരം ഇറിഗേഷൻ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ചെക്ക്ഡാം കമ്മിറ്റി അംഗീകരിക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി വിശദമായ അന്വേഷണ റിപ്പോർട്ട് ഇൻവെസ്റ്റിഗേഷൻ വിഭാഗം ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു. ചെക്ക് ഡാം കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചശേഷം ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി പണി നടത്തുന്നതാണ്.

മഞ്ചനാട് കുടിവെള്ള പദ്ധതി

90 (2002) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നിർദ്ദിഷ്ട മഞ്ചനാട് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്താണെന്ന് വെളിപ്പെടുത്താമോ ;

(ബി) 24-6-1999 ൽ ലഭിച്ച മറുപടിയിൽ ജലസ്രോതസ്സ് ഇല്ലെന്ന് പറഞ്ഞിരിക്കുന്നത് ഏതു ജലസ്രോതസ്സിനെ പറ്റിയാണ് ;

(സി) വലിയ തോട്ടിൽ മഞ്ചനാട് ഒരിക്കലും തീരാത്ത ജലസ്രോതസ്സ് ഉണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വാളകം മഴുവന്നൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനം ഗുണകരമാക്കുന്നതിനു വേണ്ടി നിർദ്ദേശിച്ചിട്ടുള്ള മഞ്ചനാട് സ്കീമിന്റെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കി അടിയന്തിരമായും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുന്നുണ്ട്.

(ബി) നിലവിലുള്ള വാളകം മഴുവന്നൂർ പദ്ധതിയുടെ ശുദ്ധീകരണ ശാലയിൽ നിന്നും ആവശ്യമായ ജലം ലഭിക്കുമോ എന്ന കാര്യത്തിൽ സംശയം ഉണ്ടായി. 24-6-1999 ലെ മറുപടിയിൽ സ്രോതസ്സ് ഇല്ലെന്നു പറഞ്ഞിരിക്കുന്നത് ടി ശുദ്ധീകരണ ശാലയിൽ നിന്നും ലഭിക്കുന്ന ജലത്തെ ഉദ്ദേശിച്ചാണ്.

(സി) ഉണ്ട്.

(ഡി) മഞ്ചനാട് തോട്ടിൽ നിന്നുള്ള ജലം ഉപയോഗിക്കുന്ന പദ്ധതി അംഗീകൃത പദ്ധതിയിൽ നിന്നും വ്യത്യസ്തമായ നിർദ്ദേശം ആകയാൽ ഇതിന്റെ വിവിധ വശങ്ങൾ അതോറിറ്റിയുടെ ഐ. പി. ഡി വിഭാഗത്തിന്റെ പരിഗണനയിലിരിക്കുന്നു. ഈ നിർദ്ദേശം സ്വീകാര്യമായിക്കാണുന്ന പക്ഷം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly